**മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് - ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കണ്ണൂർ ജില്ല - കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്- കുറ്റ്യാട്ടൂർ വില്ലേജ്-പെട്രോൾ പമ്പ് നിർമ്മാണം ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/11/2019 ലെ എ 2-3791/2019 നമ്പർ കത്ത്.
2. കണ്ണൂർ ടൗൺ പ്ലാനറുടെ 30/12/2019-ലെ TCPKNR/2406/2019/C നമ്പർ കത്ത്.

================================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. TCPCTP/121/2020-D3** **തീയതി: 06/02/2020**

================================================================================

കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുറ്റ്യാട്ടൂർ വില്ലേജിൽ റീ സർവ്വെ നമ്പർ. **547/6**-ൽപ്പെട്ട ആകെ 1460 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തു നിന്നും നിർദ്ദിഷ്ട പെട്രോൾ പമ്പിനായുള്ള 955.7 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് 260 ച.മീ (Sales building-39 ച.മീ +Canopy-221 ച.മീ) വിസ്തീർണ്ണമുള്ള Group- I Occupancy ൽ-പ്പെട്ട ഒരു **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി.ദേവി പാറമ്മൽ** മുതൽ പേരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ.2011-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:-**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.2011-ലെ ചട്ടം -11 പ്രകാരം സ്ഥലത്തിന്റെ,ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി,അതിരുകൾ,അളവുകൾ,അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട് വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള

ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. ഉപരിതല ദ്രവ-മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സംവിധാനം ഒരുക്കിയിരിക്കണം.
8. പെട്രോളിയം റൂൾസ് 1976 സംബന്ധിച്ച കെ .പി.ബി.ആർ.2011-ലെ ചട്ടം 61(10) പാലിച്ചിട്ടുണ്ടെന്ന് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുൻപ് പഞ്ചായത്ത് സെക്രട്ടറിഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച് സൈറ്റ് പ്ലാൻ നമ്പർ-27/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>**

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ.

**ജയശ്രീ. പി.ആർ.**
**ടൗൺ പ്ലാനർ**

**സെക്രട്ടറി**
കറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്,
ചട്ടുപ്പാറ.പി.ഒ., കണ്ണൂർ.

പകർപ്പ്:-1. ശ്രീമതി. ദേവി പാറമ്മൽ മുതൽപേർ,
ശാലിനി നിവാസ്, കുറ്റ്യാട്ടൂർ.പി.ഒ., കണ്ണൂർ-670602.
2. ടൗൺ പ്ലാനർ, കണ്ണൂർ.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ.
5. അധികം.